REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-02-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ലോക്സഭയിൽ മറുപടി നൽകും.**
- **നിയമസഭയിൽ ബജറ്റ് ചർച്ച ഇന്നും തുടരും.**
- **നാലര വർഷത്തിനിടയിൽ വനിതാ വികസന കോർപറേഷൻ വഴി മൂന്നര ലക്ഷത്തോളം വനിതകൾക്ക് തൊഴിൽ നൽകിയതായി മന്ത്രി വീണാ ജോർജ്.**
- **ഇന്ന് ലോക കാൻസർ ദിനം.**
- **ഹരാരെയിൽ ICC അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ ഇന്ത്യ - അഫ്ഗാനിസ്ഥാൻ പോരാട്ടം ഇന്ന്.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ലോക്സഭയിൽ മറുപടി നൽകും. ഇന്നലെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് സഭയിൽ പ്രതിപക്ഷം പ്രതിഷേധിച്ചിരുന്നു. സഭയിൽ മോശമായി പെരുമാറിയെന്ന് ചൂണ്ടിക്കാട്ടി ഹൈബി ഈഡൻ ഡീൻ കുര്യാക്കോസ് ഉൾപ്പെടെ എട്ട് പ്രതിപക്ഷ എംപിമാരെ സ്പീക്കർ ഓംബിർള സസ്പെന്റ് ചെയ്തിരുന്നു. ബജറ്റ് സമ്മേളന കാലയളവിലേക്കാണ് സസ്പെൻഷൻ. സഭയിലെ മോശം പെരുമാറ്റവും ചട്ടലംഘനവും കണക്കിലെടുത്ത് ഏഴ് കോൺഗ്രസ് എംപിമാരെയും ഒരു സിപിഐ അംഗത്തെയും സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രമേയം അവതരിപ്പിച്ചത് പാർമെന്ററി കാര്യമന്ത്രി കിരൺ റിജിജുവാണ്.

ലോക്സഭയിൽ എട്ട് എംപിമാരെ സസ്പൻഡ് ചെയ്തതിനെതിരെ പാർലമെന്റിന് പുറത്ത് കോൺഗ്രസ് എംപിമാർ പ്രതിഷേധിച്ചു.

✪✪✪

മറ്റന്നാളത്തെ പ്രത്യേക പരീക്ഷാപേ ചർച്ചയുടെ പതിപ്പ് കാണാൻ പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ പൗരന്മാരെ ക്ഷണിച്ചു. രാജ്യത്തെ യുവാക്കളുമായി സംവദിക്കുന്നത് നവോന്മേഷദായകമാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദ രഹിത പരീക്ഷകളുടെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി വെല്ലുവിളികളെ മറികടക്കാനും സന്തുലിതാവസ്ഥ നിലനിർത്താനും ആത്മവിശ്വാസം വളർത്താനും പ്രായോഗിക ഉൾക്കാഴ്ചകൾ പങ്കുവെക്കുകയും ചെയ്തു. ഈ വർഷം ദേവ്മോഗ്ര, കോയമ്പത്തൂർ, റായ്പൂർ, ഗോഹട്ടി, ഡൽഹിയിലെ സെവൽലോ കല്യാൺമാർഗ്, എന്നിവിടങ്ങളിൽ പരീക്ഷാപേ ചർച്ചയുടെ സംവാദ സെഷനുകൾ സംഘടിപ്പിച്ചതായി പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ വാഷിംഗ്ട്ടണിൽ US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റുബിയോയുമായി കൂടിക്കാഴ്ച നടത്തി. നിർണായക ധാതുക്കളെക്കുറിച്ച് തീരുമാനമെടുക്കുന്ന ഇന്നത്തെ മന്ത്രിതല യോഗത്തിന് മുന്നോടിയായാണ് കൂടിക്കാഴ്ച. ഇന്ത്യയും അമേരിക്കയും വ്യാപാര കരാറിന് സമ്മതമറിയിച്ചതിന് ശേഷം ചേർന്ന കൂടിക്കാഴ്ചക്ക് പ്രത്യേക പ്രാധാന്യമുണ്ട്. അമേരിക്ക ഏർപ്പെടുത്തിയ താരിഫ്, 25 ശതമാനത്തിൽ നിന്നും 18 ശതമാനമായി കുറയ്ക്കുമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്നു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണനയ അവലോകനയോഗം ഇന്ന് ചേരും. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേരുന്ന ആറംഗ സമിതിയുടെ തീരുമാനം വെള്ളിയാഴ്ച പ്രഖ്യാപിക്കും. റിപോ നിരക്ക് കഴിഞ്ഞ ഫെബ്രുവരി മുതൽ കുറച്ചതിനാൽ ഈ മാസം വീണ്ടും കുറക്കാൻ സാധ്യതയില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

✪✪✪

നിയമസഭയിൽ ബജറ്റ് ചർച്ച ഇന്നും തുടരും. ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സഭ ഇന്നലെ ഉച്ചയോടെ പിരിയുകയായിരുന്നു.

✪✪✪

നാലര വർഷത്തിനിടയിൽ വനിതാ വികസന കോർപറേഷൻ വഴി മൂന്നര ലക്ഷത്തോളം വനിതകൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽ നൽകിയതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. തിരുവനന്തപുരം കനകക്കുന്നിൽ വനിതോത്സവം "എസ്കലേറെ" ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജീവിതത്തിൽ പ്രതിസന്ധി വരുമ്പോൾ തളർന്ന് പോകേണ്ടതില്ല. ആരും ഒറ്റയ്ക്കാണെന്ന ചിന്ത വേണ്ടെന്നും സന്തോഷത്തോടെയും, ആത്മവിശ്വാസത്തോടെയും, ജീവിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യത്തിൽ മികച്ച മുന്നേറ്റമാണ് കേരളത്തിലെന്നും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വലിയ പരിശ്രമം നടത്തിയതായും വീണാ ജോർജ് അറിയിച്ചു.

✪✪✪

പത്തു വർഷത്തിനിടയിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി 600 കോടി രൂപ ചെലവഴിച്ചെന്ന് മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ് ഫോർ മൈനോരിറ്റിസ്' പദ്ധതിയുടെ ഉദ്ഘാടനവും ഫെല്ലോഷിപ്പ് വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. ഓരോ വർഷവും ന്യൂനപക്ഷ വകുപ്പിന് ബജറ്റ് വിഹിതത്തിൽ വലിയ വർദ്ധനയാണ് സംസ്ഥാന ഗവണ്മെന്റ് വരുത്തിയിരിക്കുന്നതെന്നും അബ്ദുറഹിമാൻ അറിയിച്ചു.

✪✪✪

റിപബ്ലിക് ദിന പരേഡിൽ പങ്കെടുത്തു തിരിച്ചെത്തുന്ന NCC സംഘത്തിന് ഇന്ന് തിരുവനന്തപുരത്ത് വരവേൽപ്പ് നൽകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....

......വോയ്സ്........

ന്യൂ ഡെൽഹി കർത്തവ്യ പഥിൽ നടത്തിയ റിപബ്ലിക് ദിന പരേഡിലും പ്രൈം മിനിസ്റ്റേഴ്സ് റാലിയിലും മികച്ച പ്രകടനം നടത്തി തിരിച്ചെത്തുന്ന കേരളത്തിൽ നിന്നുള്ള എൻസിസി സംഘത്തിന് ഇന്നു തിരുവനന്തപുരത്ത് ഊഷ്മള വരവേൽപ്പു നൽകും. പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ വൈകിട്ടു നാലു മണിക്കു നടക്കുന്ന ചടങ്ങിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു എൻസിസി സംഘത്തിന് വിദ്യാഭ്യാസ മന്ത്രിയുടെ ബാനർ സമ്മാനിക്കും. ന്യൂ ഡെൽഹിയിൽ വെച്ചു നടത്തിയ റിപബ്ലിക് ദിന മൽസരങ്ങളിൽ വ്യക്തിഗത സമ്മാനങ്ങൾ നേടിയ കാഡറ്റുകൾക്കുള്ള സമ്മാനങ്ങളും മന്ത്രി വിതരണം

ചെയ്യും.  എൻസിസി സംഘം വ്യാഴാഴ്ച ലോക് ഭവനിലെത്തി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ സന്ദർശിക്കും.

✪✪✪

"വിഷൻ 2031 വികസനവും ജനാധിപത്യവും" അന്താരാഷ്ട്ര സമ്മേളനം  ഈ മാസം 15 മുതൽ 17 വരെ തിരുവനന്തപുരത്ത് നടത്തും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. മന്ത്രി K രാജൻ അധ്യക്ഷനാകുന്ന പരിപാടിയിൽ  നോബൽ സമ്മാന ജേതാവ് അമർത്യസെൻ, ചരിത്രകാരി റോമിലാ ഥാപ്പർ, ലോകഭക്ഷ്യ പുരസ്ക്കാര ജേതാവ് ശകുന്തള തിൽസ്തദ് തുടങ്ങിയവർ സംസാരിക്കും.

✪✪✪

അങ്കമാലി – ശബരി റെയിൽ പാതക്ക് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കലക്ടർമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. മന്ത്രി വി അബ്ദുറഹിമാന്റെ നേതൃത്വത്തിലാണ് യോഗം.

✪✪✪

പ്രശസ്ത സംഗീത സംവിധായകൻ SP വെങ്കടേഷിന്റെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒന്നരയ്ക്ക് ചെന്നൈ പോരൂർ ശ്മശാനത്തിൽ നടത്തും. ഹൃദയാഘാതത്തെ തുടർന്ന്  ഇന്നലെ ചെന്നൈയിലെ വസതിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

കേരളത്തിലെ വെൽനസ് ടൂറിസത്തിന് ആഗോള തലത്തിൽ വലിയ സ്വീകാര്യത ഉണ്ടെന്ന് കോഴിക്കോട്ട് സംഘടിപ്പിച്ച പ്രഥമ അന്താരാഷ്ട്ര ആയുർവേദ ആൻഡ് വെൽനസ് കോൺക്ലേവിൽ പങ്കെടുത്ത വിദേശ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച ബി ടു ബി മീറ്റിൽ സംസാരിക്കുകയായിരുന്നു അവർ.

ആയുർവേദ പ്രമോഷൻ സൊസൈറ്റി സംസ്ഥാന ടൂറിസം വകുപ്പുമായും ആരോഗ്യ സംഘടനകളുമായും സഹകരിച്ചാണ് ദ്വിദിന കോൺക്ലേവ് സംഘടിപ്പിച്ചത്. 34 രാജ്യങ്ങളിൽ നിന്ന് 125-ലധികം പ്രതിനിധികൾ പങ്കെടുത്തു. കോൺക്ലെവിന്റെ ഭാഗമായി സംഘടിപ്പിച്ച എക്സിബിഷൻ സ്റ്റാൾ ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ആയുർവേദ മേഖലയിലെ വിദഗ്ധർ, ആഗോള വെൽനസ് ടൂറിസം പ്രതിനിധികൾ, നയരൂപകർ, അക്കാദമികുകൾ, വ്യവസായ പ്രമുഖർ,

ട്രാവൽ-കൊമേഴ്സ് പ്രൊഫഷണലുകൾ എന്നിവരുടെ ഒത്തുചേരലിന് കോൺക്ലേവ് വേദിയായി.

ഇന്ന് മുതൽ ആയുർവേദ-വെൽനസ് കേന്ദ്രങ്ങളിലേക്ക് യാത്രയും ആസൂത്രണം ചെയ്തിട്ടുണ്ട്. കോഴിക്കോട് നിന്ന് ആരംഭിക്കുന്ന യാത്ര ഫെബ്രുവരി 12-ന് തിരുവനന്തപുരത്ത് അവസാനിക്കും.

✪✪✪

ഇന്ന് ലോക കാൻസർ ദിനം. കാൻസറിനെക്കുറിച്ച് അവബോധം വളർത്താനും രോഗത്തിന്റെ പ്രതിരോധം, മുൻകൂട്ടി കണ്ടെത്തൽ, ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കാനുമാണ് 2000 ഫെബ്രുവരി 4 മുതൽ ലോക കാൻസർ ദിനം ആചരിക്കുന്നത്. കാൻസറുമായി ബന്ധപ്പെട്ട രോഗങ്ങളും മരണവും ഗണ്യമായി കുറയ്ക്കുക എന്നതാണ് ദിനാചരണ ലക്ഷ്യം.

✪✪✪

കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവത്തിന് കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളജിൽ ഇന്ന് തുടക്കമാകും. ഈ മാസം എട്ടുവരെ തുടരുന്ന കലോത്സവത്തിൽ 141 ഇനങ്ങളിൽ 3,540 മത്സരാർത്ഥികൾ പങ്കെടുക്കും.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ...

........വോയ്സ്........

✪✪✪

ഇന്ത്യയുടെ ചാന്ദ്രയാൻ ദൗത്യം 2047-ഓടെ സമ്പൂർണ ലക്ഷ്യം കൈവരിക്കുമെന്ന് ISRO മുൻ ചെയർമാൻ ഡോ. S സോമനാഥ് പറഞ്ഞു. 2047-ഓടെ ഇന്ത്യക്കാരനെ ചന്ദ്രനിലെത്തിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ പിണറായിയിൽ 'പെരുമ ടോക്സി'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശൂന്യാ കാശ ഗവേഷണരംഗത്ത് ഇതിനോടകം ഇന്ത്യക്ക് സ്വന്തമായ ഒരിടം കണ്ടെത്താനായി എന്നത് അഭിമാനകരമായ നേട്ടമാണെന്നും സോമനാഥ് പറഞ്ഞു.

✪✪✪

ഹരാരെയിൽ ICC അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. ഉച്ചയ്ക്ക് ഒന്നിനാണ് മത്സരം. വെള്ളിയാഴ്ച ഫൈനലിൽ ഇംഗ്ലണ്ടിനെതിരെ സെമിഫൈനൽ വിജയി ഏറ്റുമുട്ടും.

ബുലവായോയിൽ ആദ്യ സെമിഫൈനലിൽ ഇംഗ്ലണ്ടിനെതിരെ 27 റൺസിന്റെ തോൽവിയോടെ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയ ലോകകപ്പിൽ നിന്ന് പുറത്തായി.

✪✪✪

വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി ക്യാപിറ്റൽസ് 15.4 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 169 റൺസെടുത്തു.

നാളെ അവസാന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിനെ നേരിടും.

✪✪✪

വികസനരംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് സംസ്ഥാനത്തുണ്ടായതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. വിശ്വാസികളുടെ അവകാശം സംരക്ഷിക്കാൻ LDF എപ്പോഴും മുന്നിലുണ്ടാകുമെന്നും വർഗീയത പ്രചരിപ്പിക്കുന്നവരെ ശക്തമായി എതിർക്കുമെന്നും അദ്ദേഹം അറിയിച്ചു. വടക്കൻ മേഖല വികസന മുന്നേറ്റ യാത്രയ്ക്ക് കണ്ണൂർ ഇരിട്ടിയിൽ നൽകിയ സ്വീകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജാഥയ്ക്ക് രാവിലെ കണ്ണൂർ മട്ടന്നൂരിൽ സ്വീകരണം നൽകും. മട്ടന്നൂരിൽ പൗരപ്രമുഖരുമായി MV ഗോവിന്ദൻ കൂടിക്കാഴ്ച നടത്തും. വൈകീട്ട് അഴീക്കോട് വൻകുളത്തുവയൽ, കണ്ണൂർ സ്റ്റേഡിയം കോർണർ എന്നിവിടങ്ങളിൽ സ്വീകരണത്തിനുശേഷം ജാഥയുടെ ഇന്നത്തെ സമാപനം തലശേരിയിലാണ്.

✪✪✪

കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കാനും പ്രതിരോധിക്കാനും കഴിയുന്ന സമൂഹത്തെ വാർത്തെടുക്കണമെന്ന് ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ KV മനോജ്കുമാർ പറഞ്ഞു. കമ്മിഷന്റെ ആഭിമുഖ്യത്തിൽ ബാലസംരക്ഷണ നിയമങ്ങളെക്കുറിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ത്രിദിന കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിവേകപൂർവ്വം പ്രവർത്തിക്കുന്ന ഒരു സമൂഹമായി കേരളീയ ജനത മാറേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ത്യക്ക് തന്നെ മാതൃകയാകുന്ന പദ്ധതിയാണ് വേമ്പനാട് കായൽ പുനരുജ്ജീവനമെന്ന് ജസ്റ്റിസ് കെ. സുകുമാരൻ പറഞ്ഞു. ലോക തണ്ണീർത്തട ദിനാചരണത്തിന്റെ ഭാഗമായി വേമ്പനാട് പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ സമർപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആലപ്പുഴ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കേരള ലോകായുക്ത ഈ മാസം 10 നും 11 നും രാവിലെ തൃശൂരിലും കോട്ടയത്തും ക്യാമ്പ് സിറ്റിങ് നടത്തും. ലോകായുക്ത ജസ്റ്റിസ് N. അനിൽ കുമാർ, ഉപ ലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ എന്നിവർ നേതൃത്വം നൽകും.

✪✪✪

കണ്ണൂർ മാലൂർ പഞ്ചായത്തിലെ തൃക്കടാരിപൊയിലിൽ ചത്ത കാക്കയുടെ സാമ്പിൾ പരിശോധിച്ചതിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാൻ സാധ്യത ഉണ്ടെന്നും ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ജനുവരി 17ന് ഇരിട്ടി എടക്കാനത്ത് ചത്ത കാക്കയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നു.

✪✪✪

ഫറോക്ക് ചുങ്കത്ത് നിർമാണം പൂർത്തിയായ മിനി സിവിൽ സ്റ്റേഷൻ ഫെബ്രുവരി 14-ന് വൈകീട്ട് നാടിന് സമർപ്പിക്കും. ഫറോക്ക് മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടന പരിപാടിയുടെ സംഘാടക സമിതി രൂപീകരിച്ചു. ബേപ്പൂർ നിയോജക മണ്ഡലത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഗവൺമെന്റ് ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റും.

മന്ത്രി PA മുഹമ്മദ് റിയാസ് ചെയർമാനായ 501 അംഗ സംഘാടക സമിതിയാണ് രൂപീകരിച്ചത്.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനുഷ ആത്മപ്രകാശ്, നിമിഷ ജി*
*DEO: സി കെ സുബോധ്*